# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം
നമ്പർ : **4312.**

19..10..2011-ൽ മറുപടിക്ക്

## ക്ഷീരക്ഷേമ ഇൻഷ്വറൻസ് പദ്ധതി

### ചോദ്യം

**ശ്രീ. ജോസ് തെറ്റയിൽ**

(എ) ക്ഷീരകർഷകർക്ക് ചികിത്സയ്ക്കായി ചിലവാകുന്ന തുക ക്ഷീരക്ഷേമ ഇൻഷുറൻസ് പദ്ധതി പ്രകാരം അനുവദിച്ച് നൽകുന്നുണ്ടോ;

(ബി) അങ്കമാലി നിയോജക മണ്ഡലത്തിലെ കാലടി പഞ്ചായത്തിലെ മറ്റൂർ വലേക്കുളം ഹൗസിൽ വറിയത് മകൻ കുരിയപ്പൻ എന്നയാളുടെ ചികിത്സയ്ക്കായി ചെലവായ തുക ക്ഷീരക്ഷേമ ഇൻഷുറൻസ് പദ്ധതി പ്രകാരം അനുവദിച്ച് കിട്ടുന്നതിനായി സമർപ്പിച്ച അപേക്ഷയിൻമേലുള്ള കാലതാമസത്തിനുള്ള കാരണം വിശദമാക്കാമോ;

(സി) ഇത് എന്ന് ലഭ്യമാക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

### ഉത്തരം

**ശ്രീ. കെ.സി. ജോസഫ്,**

**(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി)**

(എ), (ബി) & (സി) കേരള ക്ഷീരകർഷക ക്ഷേമനിധി ബോർഡും യുണൈറ്റഡ് ഇൻഡ്യ ഇൻഷ്വറൻസ് കമ്പനിയുമായി ചേർന്ന് ക്ഷേമനിധിയിൽ അംഗങ്ങളായ ക്ഷീര കർഷകർക്ക് ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പു വരുത്തുന്ന ക്ഷീരക്ഷേമ പദ്ധതി 2008-09 സാമ്പത്തിക വർഷത്തിൽ നടപ്പാക്കിയിരുന്നു. ടി പദ്ധതിയുടെ കാലാവധി 25..3..2009 മുതൽ 24..3..2010 വരെയായിരുന്നു. ടി കാലയളവിൽ വരുന്ന ക്ലെയിമുകൾക്ക് കമ്പനിയിൽ നിന്നും ധനസഹായം അനുവദിച്ചിരുന്നു. എറണാകുളം ജില്ല അങ്കമാലി ബ്ലോക്ക് കാലടി സംഘാംഗമായ ശ്രീ. കുര്യപ്പൻ വി.വി. (അംഗത്വ നം.0702130042) എന്ന അംഗത്തിന്റെ ക്ഷീരക്ഷേമ പദ്ധതി പ്രകാരമുള്ള ചികിത്സാ ധനസഹായത്തിനുള്ള അപേക്ഷ 12..4..2010-ൽ ക്ഷീരകർഷക ക്ഷേമനിധി ബോർഡിൽ ലഭിക്കുകയും 23..4..2010-ന് യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് കമ്പനിയ്ക്ക് കൈമാറുകയും ചെയ്ത അപേക്ഷയിന്മേൽ 3..10..2011-ന് ഇൻഷ്വറൻസ് കമ്പനിയിൽ നിന്നും ധനസഹായം അനുവദിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ.**